# ⁂ സംസ്കൃതവും ഹിന്ദിയും ⁂

## എൻ. വി. കൃഷ്ണവാരിയർ, എം. ഏ; എം. ലിററ്;
സാഹിത്യശിരോമണി; വ്യാകരണഭൂഷണം.

1942വരെ, ഏതാണ്ട് ആറുകൊല്ലത്തോളം, ഞാൻ കൊച്ചിയിലേയും തിരുവിതാംകൂറിലേയും ചില സംസ്കൃതസ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു. അന്ന് ഈ രണ്ടു സ്റ്റെയിററുകളിലും ധാരാളം സംസ്കൃതവിദ്യാലയങ്ങളും, അവയിൽ വേണ്ടത്ര വിദ്യാൎത്ഥികളുമുണ്ടായിരുന്നു. യുദ്ധത്തിൻെറ ഈ ആദിമവത്സരങ്ങളിൽ നാണയവീൎപ്പ് അനുഭവപ്പെട്ടാതിരുന്ന കാലത്തു, ചുരുങ്ങിയ—നാമമാത്രമായ—ഫീസ് മാത്രമുള്ള തിരുവിതാംകൂറിലേയും, തീരെ ഫീസില്ലാത്ത കൊച്ചിയിലേയും സംസ്കൃതവിദ്യാലയങ്ങൾ ആയിരുന്നു പ്രാഥമികപാഠങ്ങൾ കഴിഞ്ഞു ഉന്നതവിദ്യാഭ്യാസത്തിന്നാഗ്രഹിക്കുന്ന അവിടങ്ങളിലെ ദരിദ്ര വിദ്യാൎത്ഥികൾക്ക് അവലംബം. മലബാറിലും നില വളരെ വ്യത്യസ്തമായിരുന്നില്ല.

എന്നാൽ യുദ്ധം മുറുകിയതോടെ ഈ നില മാറി; പണം പെരുത്തു. അതോടെ പഠിക്കേണ്ടവരെല്ലാം ഇംഗ്ലീഷ് ഹൈസ്കൂളുകളിൽച്ചേൎന്നു സംസ്കൃതവിദ്യാലയങ്ങൾ ഒഴിഞ്ഞു, മിക്കവയും പൂട്ടി. ചിലതു ഇംഗ്ലീഷ് ഹൈസ്കൂളുകളാക്കി മാററി. തെക്കൻ കൊല്ലത്തു പ്രശസ്തമായി നടന്നിരുന്ന ഒരു സംസ്കൃതഹൈസ്കൂൾ ഒരു ചൂടിക്കമ്പനിയായി മാറി. മാനേജൎക്ക് അതായിരുന്നു കൂടുതൽ ആദായകരം! ഈ പരിതാപകരമായ നിലയിൽനിന്നു സംസ്കൃതവിദ്യാഭ്യാസം ഇനിയും വിമുക്തമായിട്ടില്ല.

ഹൈസ്കൂൾ വിദ്യാഭ്യാസം തികച്ചും സൌജന്യമാക്കുവാനുള്ള ശ്രമങ്ങളാണ് ഇന്നിന്ത്യയിൽ നടന്നുവരുന്നതു്. കാശ്മീരിൽ ഹൈസ്കൂളുകളിൽ ഇന്നും ഫീസില്ല. മററു ചില സ്റ്റെയിററുകളിൽ ലോവർ സെക്കണ്ടറിഘട്ടം സൌജന്യമാക്കിയിട്ടുണ്ട്. കേരളസംസ്ഥാനം നിലവിൽ വരുമ്പോൾ, ഫോൎത്തുഫോറംവരെയെങ്കിലും വിദ്യാഭ്യാസം തികച്ചും സൌജന്യമായിരിക്കാനാണ് വഴി. ക്രമേണ സെക്കണ്ടറിവിദ്യാഭ്യാസം മുഴുവൻ സൌജന്യമായിത്തീരും. അതിനാൽ പഠിക്കേണമെന്നുള്ളവരെല്ലാം ഇവയിൽച്ചെന്നുചേരും. പഴയപോലെ സംസ്കൃതസ്കൂളുകൾ പ്രത്യേകമായുണ്ടാക്കിയാൽ അവ ഒഴിഞ്ഞുകിടക്കുകയേയുള്ളു. പൊതുവിദ്യാഭ്യാസത്തിൽ ഇണക്കിച്ചേൎക്കാത്തപക്ഷം സംസ്കൃതത്തിന്നിവിടെ യാതൊരു ഭാവിയും ഉണ്ടാകാൻ പോകുന്നില്ല.

പക്ഷെ, പൊതുവിദ്യാഭ്യാസത്തിൽ സംസ്കൃതം ഇണക്കി ചേൎക്കുന്നതെങ്ങനെയാണ്? സെക്കണ്ടറിഘട്ടത്തിൽ, തീൎച്ചയായും, മാതൃഭാഷയ്ക്കായിരിക്കും പ്രാധാന്യം. രാഷ്ട്രഭാഷയായ ഹിന്ദി, ഈ ഘട്ടത്തിൽ, ഒരു നിൎബ്ബന്ധവിഷയമായിരിക്കുകയും ചെയ്യും. ഇംഗ്ലീഷ് പഠിയ്ക്കാതെ തരമുണ്ടോ? അതും വയ്യാ. അങ്ങിനെ മൂന്നു ഭാഷകളായി. 'നാലാമതേ സംസ്കൃതത്തിന്നു സ്ഥാനമുണ്ടാവൂ. അതും, മററു പല വിഷയങ്ങളുടെ കൂട്ടത്തിലൊന്നായിട്ട്. അതിനാൽ, സംസ്കൃതത്തിൻെറ നില, ഭദ്രമെന്നു പറയാൻ പ്രയാസമുണ്ട്. എന്നിട്ടും . സംസ്കൃതത്തെപ്പററിയുള്ള പ്രസംഗങ്ങൾക്കു യാതൊരു കുറവുമില്ല. പ്രസംഗങ്ങൾകൊണ്ടു സംസ്കൃതം പ്രചരിയ്ക്കുമെങ്കിൽ, ആസേതുഹിമാചലം സംസ്കൃതംനിറഞ്ഞു തുളുമ്പേണ്ട കാലമാണിതു്. പ്രസംഗങ്ങളല്ലാതെ, സംസ്കൃതപ്രചരണത്തിന്നു് കാൎയ്യമായ ശ്രമങ്ങളൊന്നും ഇന്നു നടക്കുന്നില്ലെന്നതു് പരിതാപകരമായിരിയ്ക്കുന്നു!

സെക്കണ്ടറിവിദ്യാഭ്യാസത്തിന്റെ വൈവിധ്യത്തിലാണ് സംസ്കൃതത്തിന്റെ ഭാവി ഞാൻ കാണുന്നതു്. എല്ലാ കുട്ടികൾക്കും ഒരേതരം സെക്കണ്ടറിവിദ്യാഭ്യാസം പോരതന്നെ. നഗരങ്ങളിൽ വലിയ വലിയ വ്യവസായശാലകളുടെ അടുത്തുള്ള ഹൈസ്കൂളുകളിൽ ആ വ്യവസായങ്ങളാവണം മുഖ്യ പാഠ്യവിഷയം. നാട്ടുപുറങ്ങളിൽ കൃഷി പ്രധാനമായിരിക്കണം മിക്ക സെക്കണ്ടറി വിദ്യാലയങ്ങളിലേയും പാഠ്യപദ്ധതി. ഇതോടൊപ്പം തന്നെ, സംസ്കൃതത്തിനും ഭാരതീയ സംസ്കാരത്തിനും പ്രാമുഖ്യം നൽകുന്ന യൂറോപ്പിലെ ഗ്രാമർസ്കൂളുകൾപോലെയോ "ജിമ്നാസ്യ"ങ്ങൾപോലെയോ ഉള്ള, "സാംസ്കാരികവിദ്യാലയങ്ങളും ഉൾനാട്ടിൽ ധാരാളമായുണ്ടാവണം. സെക്കണ്ടറിസ്കൂൾ വിട്ടാൽപിന്നെ കോളേജിൽ ചേരാനാണ് ഇന്നെല്ലാവരുടേയും ആശ. കോളേജിലേയ്ക്കുള്ള ഈ തള്ളിക്കയററം അനാവശ്യമാണ്. ഉത്തമപൌരരായി ജീവിയ്ക്കാൻ വേണ്ട ശിക്ഷണം സെക്കണ്ടറിസ്കൂളുകളിൽനിന്നു തന്നെ കിട്ടണം. പിന്നീടു്, അസാധാരണമായ മേധാശക്തിയോ താൽപര്യമോ ഉള്ളവർ മാത്രമേ കോളേജുകളിലേയ്ക്കു പോകേണ്ടതുള്ളൂ. അല്ലാത്തവർ നേരിട്ടു് ജീവിതത്തിലേയ്ക്കു പ്രവേശിയ്ക്കണം. അത്തരക്കാർക്കു പററിയ ഒരു കോഴ്സായിരിക്കണം മുമ്പു പറഞ്ഞ സാംസ്കാരികവിദ്യാലയ"ങ്ങളിൽ സംവിധാനം ചെയ്യേണ്ടതു്. വളരെയധികം കണക്കും സയൻസും ഈ കോഴ്സിൽ ആവശ്യമില്ല. മറിച്ചു് നമ്മുടെ സാഹിത്യവും സംസ്കാരവും ഉൾക്കൊള്ളാനുള്ള കഴിവ് ഈ കോഴ്സുകൊണ്ടുണ്ടാവണം താനും. അതിന്നു് സംസ്കൃതത്തിൽ പ്രാഥമികമെങ്കിലും പരിനിഷ്ഠിതമായ ഒരറിവു് ഇവിടെനിന്നു് കിട്ടണം. നമ്മുടെ നാട്ടിലെ സംസ്കൃതവിദ്യാലയങ്ങൾ ഈ വഴിയ്ക്കാണ് പുരോഗമിയ്ക്കേണ്ടതു്.

രാഷ്ട്രഭാഷയായ ഹിന്ദിയിൽ ഇന്നു് പരക്കെ താൽപര്യം കാണുന്നുണ്ടു്. ഇതു് ആശാവഹം തന്നെ. എന്നാൽ ഹിന്ദിയ്ക്കു് ഒരു സ്വഭാവമുണ്ടു് ഒരു തരം ഇരട്ട വ്യക്തിത്വം. ഹിന്ദി, മററൊരു ഭാഷയെക്കാളുമേറെ ഒരങ്ങാടിഭാഷയാകുന്നു. നിത്യവ്യവഹാരത്തിന്നു് വളരെ സൌകര്യം നൽകുന്നതാണ് ഹിന്ദിയുടെ ഈ സ്വഭാവവിശേഷം. എങ്കിലും ഉന്നതസംസ്കാരത്തിന്റെ വാഹകമെന്നനിലയിലേയ്ക്കു് ഹിന്ദി എത്തുന്നതു് അങ്ങാടിയിൽനിന്നകന്ന് സംസ്കൃതത്തോടടുക്കുമ്പോൾ മാത്രമാകുന്നു. ഹിന്ദിയിലെ ഉത്തമസാഹിത്യകൃതികളെല്ലാംസംസ്കൃതമയങ്ങളാണെന്നു വേണം പറയാൻ അതിനാൽ, ഹിന്ദിയുടെ അധ്യയനം സാംസ്കാരികമായ വല്ല പ്രയോജനവും നിറവേററണമെങ്കിൽ സംസ്കൃതവുമായി മുഖപരിചയമെങ്കിലും നമുക്കുണ്ടാവേണ്ടിയിരിയ്ക്കുന്നു. ഹിന്ദിയിൽ പാണ്ഡിത്യത്തിന്നാണെങ്കിൽ സംസ്കൃതപാണ്ഡിത്യം അനുപേക്ഷണീയമത്രെ

അതുകൊണ്ടു് മററൊരുവിധത്തിലും മുമ്പു പറഞ്ഞതരം "സാംസ്കാരികവിദ്യാലയ"ങ്ങൾ അതിപ്രധാനങ്ങളാണെന്നു നാം കാണുന്നു. ആധുനികശാസ്ത്രത്തിലൊഴികെ മറെറന്തുവിഷയത്തിലും—അതു് ചരിത്രമാവട്ടെ, ദർശനങ്ങളാവട്ടെ, സംഗീതമാവട്ടെ മററുകലകളാകട്ടെ, ഭാഷകളാവട്ടെ—ഉയർന്നവിദ്യാഭ്യാസത്തിന്നുദ്ദേശിയ്ക്കുന്നവർക്കു് ഇത്തരം വിദ്യാലയങ്ങളിൽക്കൂടെ കടന്നുപോരാതെ കഴിയില്ലെന്നതാണതു്

സ്വാതന്ത്ര്യവും തുടർന്നു നടക്കുന്ന ധൃതിപിടിച്ച വ്യവസായവൽക്കരണവും ഉളവാക്കിയ അമ്പരപ്പൊട്ടടങ്ങി, ഒന്നിരുന്നുചിന്തിക്കാനുള്ള കഴിവു് നമ്മുടെ നാട്ടുകാർക്കുണ്ടാവുന്ന തോടെ, ഇത്തരം സെക്കണ്ടറി സ്കൂളുകൾ ഇന്ത്യയിൽ_പ്രത്യേകിച്ചും ഗ്രാമങ്ങളിൽ—സാർവ്വത്രികമാകുമെന്നും, കാളിദാസന്റെയും പാണിനിയുടേയും മററും കൃതികളുടെ അധ്യയനം നമ്മുടെ ഗ്രാമങ്ങളെ ഏററത്താമസിയാതെ മുഖരിതങ്ങളാക്കുമെന്നും ഞാൻ വിശ്വസിയ്ക്കുന്നു.

---